# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3822** **19.03.2018-ൽ മറുപടിക്ക്**

**ഏറനാട് മണ്ഡലത്തിലെ ഹൈടെക്ക് ക്ലാസ്സ് മുറികൾ**

ചോദ്യം **ഉത്തരം**

**ശ്രീ.പി.കെ.ബഷീർ** പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര സ്കൂളുകളിൽ എത്ര ക്ലാസ്സ് മുറികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ആകെയുള്ള 4775 സർക്കാർ , എയ്ഡഡ് ഹൈസ്കൂൾ ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22 -ന് ആരംഭിച്ചു. 2018 ജൂൺ 1 - ന് മുൻപ് ഈ ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. 21,043 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ,എത്ര ക്ലാസ്സ് റൂമുകൾ ആണ് ഹൈടെക്ക് ആക്കി മാറ്റുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ബി) ഏറനാട് മണ്ഡലത്തിലെ 25 സ്കൂളുകളിലെ 372 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതാണ്. സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ഇതിൽ 18 സ്കൂളുകളിലെ 156 ക്ലാസ് മുറികളിലേയ്ക്കുള്ള ഒന്നാം ഘട്ട ഉപകരണ വിതരണം ഇതിനകം പൂർത്തിയാക്കി.

സെക്ഷൻ ഓഫീസർ